<u>ചീഫ് എഞ്ചിനീയറുടെ കാര്യാലയം,ജലസേചനവും ഭരണവും, തിരുവനന്തപുരം</u>

<u>ചീഫ് എഞ്ചിനീയറുടെ നടപടി ക്രമം</u>

<u>(ഹാജർ- ശിവദാസൻ.എം)</u>

വിഷയം : ജലസേചനം - വിജിലൻസ്- ശ്രീ.കൈലാസ് നാഥ്.എ, അസിസ്റ്റന്റ് എഞ്ചിനീയർ (മുൻ ഒന്നാം തരം ഡ്രാഫ്റ്റ്സ്മാൻ) പെൻ: 676357 റിവൈസ്ഡ് എസ്റ്റിമേറ്റിൽ PRICE-3 സോഫ്റ്റ് വെയർ മുഖേന അനധികൃതമായി തിരുത്തലുകൾ വരുത്തിയത് - അന്വേഷണ വിധേയമായി സർവീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം: ആലപ്പുഴ ഇൻലാൻഡ് നാവിഗേഷൻ & കുട്ടനാട് പാക്കേജ് ചീഫ് എഞ്ചിനീയറുടെ 15/01/2025 തീയതിയിലെ W1/1229/CE/IN & KP/2025 നം. കത്തും ഉള്ളടക്കങ്ങളും.

<u>**ഉത്തരവ് നം. സി ഇ ഐ എ/293/2025 -വിജി 9 തിയതി -20-01-2025**</u>

ആലപ്പുഴ ഇൻലാൻഡ് നാവിഗേഷൻ & കുട്ടനാട് പാക്കേജ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിന് കീഴിൽ വരുന്ന NABARD- Improvements to Padasekharam- NABARD- RIDF- XXVIII- Renovation to Group of Padasekharams (Nadayil Kizhakkuvasham, Palliyeekal, Mulleymoola, Manackatte Kizhakku) In Pallipad Panchayath of Harippad Constituency - General civil work എന്ന പ്രവർത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ PRICE -3 സോഫ്റ്റ് വെയർ മുഖേന അനധികൃതമായി തിരുത്തലുകൾ വരുത്തിയത് സംബന്ധിച്ച് മേൽ പരാമർശം പ്രകാരം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

പ്രസ്തുത റിപ്പോർട്ട് അനുസരിച്ച്, ടി പ്രവർത്തിയുടെ PRICE -3 ഹിസ്റ്ററി പരിശോധിച്ചതിൽ 26/12/2024, 27/12/2024, 28/12/2024 തീയതികളിൽ ടി റിവൈസ്ഡ് എസ്റ്റിമേറ്റിൽ തിരുത്തലുകൾ വരുത്തുന്നതിനായി സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ PRICE -3 ലോഗ് ഇൻ-ൽ കൂടി എസ്റ്റിമേറ്റ് കൈമാറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ആയത് ആ കാര്യാലയത്തിന്റെ അറിവോ സമ്മതമോ കൂടിയല്ലാത്തതും ചീഫ് എൻജിനിയർ /സൂപ്രണ്ടിംഗ് എൻജിനിയർ /എക്സിക്യൂട്ടീവ് എൻജിനിയർ എന്നിവരുടെ PRICE -3 ലോഗ് ഇൻ ഐ ഡി യും പാസ് വേർഡും ദുരുപയോഗം ചെയ്ത് നടപ്പിലാക്കിയതാണ്.

കൂടാതെ PRICE-3 ലോഗ് ഇൻ -ൽ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അഡീഷണൽ ചാർജ്ജ് നൽകിയാണ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് 27/12/2024, 28/12/2024 തീയതികളിൽ ടി റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുള്ളതെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തുടർന്നുള്ള വിശകലനത്തിൽ ടി സമർപ്പണങ്ങൾ എല്ലാം തന്നെ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ എന്നിവരുടെ അറിവോ സമ്മതമോ കൂടാതെ ആ കാര്യാലയത്തിലെ ഒന്നാം തരം ഡ്രാഫ്റ്റ്സ്മാനായിരുന്നതും നിലവിൽ പ്രമോഷൻ ലഭിച്ച് അസിസ്റ്റന്റ് എഞ്ചിനീയറായി 03/09/2024 മുതൽ കുമളി മൈനർ ഇറിഗേഷൻ സെക്ഷൻ കാര്യാലയത്തിൽ ജോലി ചെയ്തുവരുന്ന ശ്രീ.കൈലാസ് നാഥ്.എ ആണെന്നും വ്യക്തമായിട്ടുള്ളതാണ്. ടിയാൻ ഈ വിവരം ചീഫ് എഞ്ചിനീയറോട് കുറ്റസമ്മതം നടത്തിയിട്ടുള്ളതും, PRICE -3 യിൽ അനധികൃതമായി ചെയ്ത മുഴുവൻ ക്രയവിക്രയങ്ങളും ഏറ്റു പറയുകയും ആയതിന്റെ

വിശദീകരണകുറിപ്പ് ടിയാൻ രേഖാമൂലം നൽകുകയും ചെയ്തിട്ടുള്ളതാണ്.

ഒരു സർക്കാർ ഉദ്യോഗസ്ഥന് ഒരിക്കലും ഭൂഷണമല്ലാത്ത പ്രവർത്തിയാണ് ടിയാൻ ചെയ്തത്. ടിയാന്റെ വഞ്ചനാപരമായ ഈ പ്രവർത്തി ഗുരുതരമായ കൃത്യവിലോപവും, അച്ചടക്കരാഹിത്യവും, വിശ്വാസ ലംഘനവുമാണ്. ആയതിനാൽ ഉത്തരവാദിത്തപ്പെട്ട ഒരു സർക്കാർ ഉദ്യോഗസ്ഥൻ എന്ന നിലയിൽ ടിയാൻ സർവ്വീസിൽ തുടരുന്നത് മറ്റ സഹപ്രവർത്തകർക്ക് തെറ്റായ സന്ദേശം നൽ കുമെന്നതിനാൽ , **കുമളി മൈനർ ഇറിഗേഷൻ സെക്ഷൻ കാര്യാലയത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീ.കൈലാസ് നാഥ്.എ യെ, 1960 ലെ KCS (CC&A) ചട്ടങ്ങൾ ചട്ടം 10 (1) പ്രകാരം, ഉടൻ പ്രാബല്യത്തിൽ വരത്തക്ക വിധം അന്വേഷണ വിധേയമായി സർക്കാർ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവാകുന്നു.**

ടി ജീവനക്കാരന് സസ്പെൻഷൻ കാലയളവിൽ KSR Part 1 ചട്ടം 55 പ്രകാരം ഉപജീവനബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ് .

ചീഫ് എഞ്ചിനീയർ
Signed by Sivadasan M
Date: 20-01-2025 11:45:34

ശ്രീ.കൈലാസ് നാഥ്.എ
അസിസ്റ്റന്റ് എഞ്ചിനീയർ (പെൻ: 676357)
മൈനർ ഇറിഗേഷൻ സെക്ഷൻ
കുമളി

പകർപ്പ്:-

1. അക്കൗണ്ടന്റ് ജനറൽ (A&E) കേരളം , ബ്രാഞ്ച് തൃശ്ശൂർ
2. ചീഫ് എഞ്ചിനീയർ, ഇൻലാൻഡ് നാവിഗേഷൻ & കുട്ടനാട് പാക്കേജ്,ആലപ്പുഴ .
3. സൂപ്രണ്ടിംഗ് എഞ്ചിനീയർ, MI Central Circle, എറണാകുളം .
4. സൂപ്രണ്ടിംഗ് എഞ്ചിനീയർ, കുട്ടനാട് ഡെവലപ്പ്മെന്റ് സർക്കിൾ, ചെങ്ങന്നൂർ.
5. എക്സിക്യൂട്ടീവ് എഞ്ചിനീയർ, എം ഐ ഡിവിഷൻ,കട്ടപ്പന .
6. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഭരണ വിഭാഗം, ജലസേചനവും ഭരണവും തിരുവനന്തപുരം.
7. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എം ഐ സബ് ഡിവിഷൻ , കുമളി .
8. വിജി 8 സീറ്റ് & ഇറിഗേഷൻ വെബ്സൈറ്റ്
9. അധിക പകർപ്പ്